പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 243 | 25.04.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കളുടെ സാന്നിധ്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ**<br>**,, എം. നൗഷാദ്**<br>**,, കെ.ജെ. മാക്സി**<br>**,, പുരുഷൻ കടലുണ്ടി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിൽ നാനൂറിലധികം പേർക്ക് ഭക്ഷ്യവിഷബാധ യുണ്ടായത് രാസവസ്തുക്കൾ ചേർത്ത മത്സ്യത്തിൽ നിന്നാണെന്ന റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളിൽ പരിശോധന ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | എ) | മത്സ്യമാർക്കറ്റുകളിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>ഓപ്പറേഷൻ സാഗർറാണി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് കേരള സംസ്ഥാനമൊട്ടാകെ മത്സ്യ മാർക്കറ്റുകളിലും മത്സ്യബന്ധനകേന്ദ്രങ്ങളിലും പരിശോധന നടത്തി ഏകദേശം 420 ഓളം സാമ്പിൾ ശേഖരിച്ച് കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ലാബുകളിലും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ നിശ്ചിത ഇടവേളകളിൽ തുടർച്ചയായ പ രിശോധനകളും നടത്തുന്നതാണ്. |
| ബി) | രാസവസ്തുക്കൾ ചേർത്ത മത്സ്യ മാംസങ്ങളും, പച്ചക്കറി, പാൽ എന്നിവയും വിൽക്കുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കു ന്നതിന് ഭക്ഷ്യ സുരക്ഷാവകുപ്പിന് നിർദ്ദേശം നൽകുമോ; | ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. രാസവസ്തുക്കൾ ചേർത്ത മത്സ്യ മാംസങ്ങളും, പച്ചക്കറി, പാൽ എന്നിവ വിൽക്കുന്നവർക്കുമെതിരെ തുടർച്ചയായി പരിശോധന നടത്തി ഭക്ഷ്യസുരക്ഷ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും രാസവസ്തുക്കൾ ചേർക്കുന്ന വ്യാപാരികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി കൾ എന്തൊക്കെയാണെന്നും അറിയിക്കുമോ? | സി) | രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥർ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷ ലബോറട്ടറികളിൽ അയച്ച് പരിശോധന നടത്തുന്നു. ഇപ്രകാരം ലബോറട്ടറികളിൽ നിയമപ്രകാരം അനാലിസിസിനു വേണ്ടി അയച്ച മത്സ്യ സാമ്പിളുകളിൽ രാസവസ്തുക്കൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില നിരീക്ഷണ സാമ്പിളുകളിൽ രാസ വസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യ ബന്ധനം നടത്തുന്നവർക്കും വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ